സർക്കാർ ഇതിനകംതന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം ഗസറ്റ് വിജ്ഞാപനം ഒഴിവാക്കുകയും പകരം പത്രപ്പരസ്യത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല പരീക്ഷാ ഭവനിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് സമയപരിധി നിർണ്ണയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇടക്കാല മറുപടിയുടെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

(ബി) ഇപ്പോൾ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളിൻമേൽ സമയ പരിധിക്കുള്ളിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ പരീക്ഷാ കമ്മീഷണർ സ്വീകരിച്ചിട്ടുണ്ട്.

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

*15 [370] ശ്രീ. ടി. പി. രാമകൃഷ്ണൻ:
„ സാജു പോൾ:
„ കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾ പട്ടയത്തിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്;

(സി) ഇവർക്ക് പട്ടയം നൽകുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ഡി) ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 12513 കുടുംബങ്ങൾ പട്ടയത്തിന് വേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗ്രാമപഞ്ചായത്തുകളുടെ അധികാര പരിധിയിൽ വരുന്ന തോട്, പുഴ, കുളം, റോഡ് പുറമ്പോക്കുകൾക്കും പാറ പുറമ്പോക്കുകൾക്കും കനാൽ പുറമ്പോക്കുകൾക്കും കൈവശരേഖയാണ് നൽകി വരുന്നത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കലാശാലകളിൽ സാംസ്കാരിക പൈതൃകം, മൂല്യബോധം എന്നിവ നിലനിർത്താൻ നടപടി

*16 [371] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ കലാശാലകളിൽ സാംസ്കാരിക പൈതൃകത്തിന് കോട്ടം തട്ടുന്ന തരത്തിലുള്ള വേഷാലങ്കാരങ്ങൾ നിയന്ത്രിക്കുമോ;

(ബി) കലാരൂപങ്ങൾ എന്ന പേരിൽ യുവജനോൽസവങ്ങളിലും മറ്റ് ആഘോഷ അവസരങ്ങളിലും സഭ്യതയുടെ അതിരുകൾ ലംഘിക്കുന്ന ഇനങ്ങൾ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സാംസ്കാരിക പൈതൃകം, മൂല്യബോധം എന്നിവ പുതുതലമുറയ്ക്ക് പകർന്ന് നൽകുന്ന തരത്തിൽ സിലബസിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുമോ;

(ഡി) നേച്ചർ ക്യാമ്പ്, ടൂറിസം ക്ലബ്ബ് എന്നിവയ്ക്ക് നൽകി വരുന്ന അതേ പ്രാധാന്യം, സ്കൂൾ, കോളേജ് തലത്തിൽ സാംസ്കാരിക കാര്യങ്ങൾക്കും നൽകാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) കേരളത്തിലെ സ്കൂളുകളിൽ ഹയർ സെക്കണ്ടറിതലം വരെ യൂണിഫോം ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന് കോട്ടം തട്ടുന്ന തരത്തിലുള്ള ഒരു വേഷാലങ്കാരങ്ങളും സ്കൂൾ തലത്തിൽ ഇല്ല. കോളേജ് തലത്തിൽ, സഭ്യതയുടെ അതിരുകൾ ലംഘിക്കുന്ന തരത്തിൽ വസ്ത്രധാരണം പാടില്ല എന്ന് Students Conduct Rules-ൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) യുവജനോത്സവങ്ങളിൽ സഭ്യതയുടെ അതിരുകൾ ലംഘിക്കുന്ന ഇനങ്ങൾ ഉൾപ്പെടുത്താറില്ല. എന്നിരുന്നാലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അശ്ലീല ചുവയുള്ള ഫാഷൻ ഷോ, സിനിമാറ്റിക് ഡാൻസ് മുതലായവ അവതരിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് (സാ) നം. 346/05/ഉവിവ., തീയതി 1-3-2005 മുഖേന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly